■ എകെപിസിടിഎ

# പ്രതിനിധി സമ്മേളനം തുടങ്ങി

**കണ്ണൂർ**

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധിസമ്മേളനം ദിനേശ് ഓഡിറ്റോറിയത്തിൽ മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷനായി. ആശ പ്രഭാകരൻ രക്തസാക്ഷി പ്രമേയവും പി ഹരിദാസ് അനുശോചന പ്രമേയവും അവതരിപ്പിച്ചു. ഡോ. എം എ നാസർ, എ പി സുജികുമാർ, പി ജെ സാജു എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ കെ വി സുമേഷ് എംഎൽഎ സ്വാഗതവും ഡോ. സി പത്മനാഭൻ നന്ദിയും പറഞ്ഞു.



എകെപിസിടിഎ സംസ്ഥാന സമ്മേളന പൊതുസമ്മേളനം കണ്ണൂർ സ്റ്റേഡിയം കോർണറിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ്, വൈസ് പ്രസിഡന്റുമാരായ ഡോ. കെ അജയകുമാർ, എസ് ഷാജിത, ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ, സംസ്ഥാന സെക്രട്ടറിമാരായ എ നിശാന്ത്, പി ഹരിദാസ് എന്നിവരടങ്ങിയ പ്രസീഡിയം സമ്മേളനം നിയന്ത്രിച്ചു. ഡോ. എ എസ് സുമേഷ് (കൺവീനർ), ഡോ. സുബോജ് ബേബിക്കുട്ടി, ഡോ. കെ പി ജയകുമാർ, പി സോന, ഡോ. അനിൽവർമ്മ എന്നിവരടങ്ങിയ പ്രമേയകമ്മിറ്റിയും ഡോ. എൻ രേണുക (കൺവീനർ), ഡോ. എസ് ഫാറൂഖ്, ബി ബിൻഷ, ഡോ. ആർ രാജേഷ് എന്നിവരടങ്ങിയ മിനുട്സ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. സമ്മേളന ലോഗോ രൂപകൽപ്പന ചെയ്ത നന്ദകിഷോറിന് മന്ത്രി കെ എൻ ബാലഗോപാൽ ഉപഹാരം നൽകി.

വിദ്യാഭ്യാസ സമ്മേളനം ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സര വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. ഡോ. കെ അജയകുമാർ അധ്യക്ഷനായി. എകെജിസിടി ജനറൽ സെക്രട്ടറി ഡോ. ടി മുഹമ്മദ് റഫീഖ്, എഫ്‌യുടിഎ ജനറൽ സെക്രട്ടറി ഡോ. എസ് നസീബ്, കെഎൻടിഇഒ പ്രസിഡന്റ് എൻ സത്യാനന്ദൻ എന്നിവർ സംസാരിച്ചു. പ്രമോദ് വെള്ളച്ചാൽ സ്വാഗതവും ഡോ. കെ പ്രദീപ് കുമാർ നന്ദിയും പറഞ്ഞു.

യാത്രയയപ്പ് സമ്മേളനം എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. ഡോ. കെ ബിജുകുമാർ അധ്യക്ഷനായി. എ നിശാന്ത് സ്വാഗതവും ഡോ. എൻ രേണുക നന്ദിയും പറഞ്ഞു.

പൊതുസമ്മേളനം കണ്ണൂർ സ്റ്റേഡിയം കോർണറിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി എം വി ജയരാജൻ, അഡ്വ. പി സന്തോഷ് കുമാർ എംപി, എംഎൽഎമാരായ രാമചന്ദ്രൻ കടന്നപ്പള്ളി , കെ വി സുമേഷ് എന്നിവർ സംസാരിച്ചു. ജോജി അലക്സ് അധ്യക്ഷനായി. ഡോ. സി പത്മനാഭൻ സ്വാഗതവും ഡോ. ടോമി ജോസഫ് നന്ദിയും പറഞ്ഞു.

ഞായർ രാവിലെ 8.30ന് പ്രതിനിധി സമ്മേളനം തുടരും. പകൽ 11ന് ആർആർസി അനുസ്മരണം കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഡോ. കെ എൻ ഗണേഷ് പ്രഭാഷണം നടത്തും. കണ്ണൂർ ജില്ലയിലെ ആദിവാസി മേഖലയിലെ ഗ്രന്ഥാലയങ്ങൾക്ക് പ്രതിനിധികൾ നൽകുന്ന പുസ്തകങ്ങൾ വി ശിവദാസൻ എംപി ഏറ്റുവാങ്ങും.

■ യുജിസി ശമ്പള പരിഷ്കരണം

# കേന്ദ്രം നൽകേണ്ടത് 900 കോടി കുടിശ്ശിക: കെ എൻ ബാലഗോപാൽ

**കണ്ണൂർ**

യുജിസി ശമ്പള പരിഷ്കരണം 2019ൽ നടത്തിയെങ്കിലും കേന്ദ്രം നൽകേണ്ട 900 കോടി രൂപ ഇതുവരെ തന്നിട്ടില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കേന്ദ്രസർക്കാർ സാമ്പത്തികമായി ഞെരുക്കുകയാണെങ്കിലും വികസന പ്രവർത്തനങ്ങളെ ബാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റാനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്താനാണ് തീരുമാനം. അതിന്റെ ഭാഗമാണ് സയൻസ് പാർക്കുകൾ. വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തിന്റെ അധികാരം കവർന്നെടുക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. സ്വകാര്യവൽക്കരണവും വർഗീയവൽക്കരണവും ദ്രുതഗതിയിൽ നടക്കുകയാണ്.

ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ കേരളത്തെ കേന്ദ്രം ശ്വാസംമുട്ടിക്കുകയാണ്. സാമ്പത്തികമായി പ്രതിസന്ധിയിലാക്കുമ്പോഴും ശമ്പളവും പെൻഷനും ആനുകൂല്യങ്ങളും കാലതാമസം വരുത്താതെ സർക്കാർ കൊടുക്കുന്നുണ്ട്. ജീവനക്കാരെ തെറ്റിദ്ധരിപ്പിച്ച് ഇളക്കിവിടുകയാണ് ചിലരെന്നും മന്ത്രി പറഞ്ഞു.



പി എസ് മധുസൂദനൻ (പ്രസി), കെ പി പ്രശാന്ത് (ജന. സെക്രട്ടറി)

## സിഡ്കോ യൂണിയനുകൾ ലയിച്ചു

**തിരുവനന്തപുരം**

സിഡ്കോ സ്റ്റാഫ് യൂണിയനും (സിഐടിയു) സിഡ്കോ വർക്കേഴ്സ് യൂണിയനും ലയിച്ചു. സംഘടന 'കേരള സ്റ്റേറ്റ് സിഡ്കോ സ്റ്റാഫ് ആൻഡ് വർക്കേഴ്സ് യൂണിയൻ' (സിഐടിയു) എന്നറിയപ്പെടും. കെഎസ്ആർടിഇഎ ഹാളിൽ ചേർന്ന ലയന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. സി കെ ഹരികൃഷ്ണൻ സംസാരിച്ചു. ഭാരവാഹികൾ: പി എസ് മധുസൂദനൻ (പ്രസിഡന്റ്), എസ് രവി (വർക്കിങ് പ്രസിഡന്റ്), കെ പി പ്രശാന്ത് (ജനറൽ സെക്രട്ടറി), സി കെ ജിതിൻ (ട്രഷറർ).



സിഡ്കോ യൂണിയനുകളുടെ ലയന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

## പിഎസ്‌സി അഭിമുഖം നടത്തും

**തിരുവനന്തപുരം**

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ മലയാളം (കാറ്റഗറി നമ്പർ 289/2019) തസ്തികയിലേക്കുള്ള രണ്ടാംഘട്ട അഭിമുഖം 17നും 18നും പിഎസ്‌സി ആസ്ഥാനത്ത് നടത്തും. അഭിമുഖത്തിന് മൂന്നു ദിവസം മുമ്പുവരെ അറിയിപ്പ് ലഭിക്കാത്തവർ ജിആർ 2 ബി വിഭാഗവുമായി ബന്ധപ്പെടണം (0471 2546324).

## പുഴയിൽ കുളിക്കാനിറങ്ങിയ ഡോക്ടറെ കാണാതായി

**പിറവം**

പുഴയിൽ കുളിക്കാനിറങ്ങിയ ഡോക്ടറെ ഒഴുക്കിൽപ്പെട്ട് കാണാതായി. ഏറ്റുമാനൂർ സ്വദേശിയും മുതലക്കോടം ഹോളി ഫാമിലി ആശുപത്രിയിലെ കാർഡിയോളജി വിഭാഗം തലവനുമായ ഡോ. ഉല്ലാസ് ആർ മുല്ലമല (42)യാണ് അപകടത്തിൽപ്പെട്ടത്. മൂവാറ്റുപുഴയാറിൽ മാമ്മലശേരി പയ്യാറ്റിക്കടവിൽ ശനി വൈകിട്ട് ആറോടെയാണ് സംഭവം.

# നൈപുണ്യവികസനം ലക്ഷ്യമിട്ട് കെടിഡിസിയുടെ സ്കിൽക്കേഷൻ

**തിരുവനന്തപുരം**

യാത്രയ്ക്കൊപ്പം നൈപുണിയും ലക്ഷ്യമിട്ട് വിനോദസഞ്ചാര വകുപ്പിന്റെ സ്കിൽക്കേഷൻ പാക്കേജുകൾ. കെടിഡിസി റിസോർട്ടുകളിലെ താമസവും നീന്തൽ, മൺപാത്രനിർമാണം, പെയിന്റിങ്, പാചകപരിശീലനം, അഭിനയം തുടങ്ങി വൈവിധ്യമാർന്ന നൈപുണ്യ പ്രവൃത്തികളിൽ ഏർപ്പെടാനുള്ള സൗകര്യമാണ് സ്കിൽക്കേഷൻ പാക്കേജിലുള്ളത്.

സർഗാത്മകത വളർത്താനും പഠനം പ്രോത്സാഹിപ്പിക്കാനും വ്യക്തിഗത വളർച്ചയ്ക്ക് വഴിയൊരുക്കാനുമായി പ്രത്യേകം ക്യൂറേറ്റ് ചെയ്ത പാക്കേജാണിത്. കുമരകം വാട്ടർസ്കേപ്പ്, തേക്കടി ആരണ്യ നിവാസ്, പെരിയാർ ഹൗസ് എന്നിവിടങ്ങളിൽ 15 മുതൽ 31 വരെയാണ് സ്കിൽക്കേഷൻ. മുതിർന്നവർക്കും 12 വയസ്സിന് താഴെയുള്ള രണ്ട് കുട്ടികൾക്കും അല്ലെങ്കിൽ മൂന്ന് മുതിർന്നവർക്കും ഏഴു രാത്രിയും എട്ട് പകലും പ്രഭാതഭക്ഷണം ഉൾപ്പെടെയുള്ള താമസമാണ് ഉൾപ്പെടുത്തിയത്. പങ്കെടുക്കുന്നവർക്ക് ആകർഷകമായ സൗജന്യ ഡേ ടൂറും ബോട്ടിങ്ങും ഉണ്ടാകും. പാക്കേജുകളിൽ ഉൾപ്പെടാത്ത ഭക്ഷണത്തിന് 20 ശതമാനം കിഴിവുണ്ട്. വിവരങ്ങൾക്ക്: www.ktdc.com. ബുക്കിങ്ങിന് ഇമെയിൽ: cetralreservations@ktdc.com. ഫോൺ: 9400008585, 04712316736/2725213.

# ആരോഗ്യമന്ത്രിയെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനുള്ള നീക്കം ചെറുക്കും: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം**

ആരോഗ്യമന്ത്രി വീണാ ജോർജിനെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനുള്ള നീക്കത്തെ ഒറ്റക്കെട്ടായി ചെറുക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റി മാലിന്യ മുക്ത കേരളം ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അനാവശ്യ ആക്ഷേപങ്ങളാണ് മന്ത്രിക്കെതിരെ ഉന്നയിക്കുന്നത്. ദാരുണമായ ഒരു സംഭവത്തെ അപലപിക്കുകയല്ല ഇവരുടെ ലക്ഷ്യം. മറിച്ച് ആ സംഭവത്തെ ഇടതുപക്ഷത്തെ എതിർക്കാനുള്ള കാരണമാക്കുകയാണ് പ്രതിപക്ഷം. ഏറ്റവും ദുഃഖകരമായ അന്തരീക്ഷത്തെപ്പോലും ആരോപണങ്ങളുടെ അന്തരീക്ഷം ആക്കി മാറ്റുന്ന നീചവും നികൃഷ്ടവുമായ പ്രവൃത്തിയാണ് പ്രതിപക്ഷത്തിന്റേതെന്നും ശിവൻകുട്ടി പറഞ്ഞു.

# അഷ്ടമൂർത്തിക്ക് മുദ്രാലിറ്ററി പുരസ്കാരം

**തിരുവനന്തപുരം**

സാഹിത്യ ആസ്വാദകരുടെ കൂട്ടായ്മ മുദ്ര ലിറ്ററി ഫോറത്തിന്റെ പ്രഥമ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 11111 രൂപയും ശിൽപ്പവുമടങ്ങുന്ന സമഗ്ര സംഭാവനയ്ക്കുള്ള മുദ്രാപുരസ്കാരം അഷ്ടമൂർത്തിക്ക് ലഭിച്ചു. മികച്ച നോവലിനുള്ള പുരസ്കാരം എസ് ആർ ലാലും (ജയന്റെ അജ്ഞാത ജീവിതം), ചെറുകഥയ്ക്കുള്ള പുരസ്കാരം വി എസ് അജിത്തും (എലിക്കെണി) വൈജ്ഞാനിക കൃതിക്കുള്ള പുരസ്കാരം ശ്രീജ പ്രിയദർശനനും (മലയാള വ്യാകരണ പാഠങ്ങൾ) അർഹരായി. 19ന് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ അശോകൻ ചരുവിൽ പുരസ്കാരം സമ്മാനിക്കും.



അഷ്ടമൂർത്തി എസ് ആർ ലാൽ വി എസ് അജിത്ത് ശ്രീജ പ്രിയദർശൻ


■ സംസ്ഥാന സമ്മേളനം സമാപിച്ചു

# കേന്ദ്രനയങ്ങൾക്കെതിരെ പോരാട്ടം ശക്തമാക്കും: ജോയിന്റ് കൗൺസിൽ

**സ്വന്തം ലേഖകൻ**

**മലപ്പുറം**

കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സന്ധിയില്ലാതെ പോരാടാൻ ആഹ്വാനംചെയ്ത് ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളനം സമാപിച്ചു. രാജ്യത്തിന്റെ ഫെഡറലിസത്തെ ദുർബലപ്പെടുത്തി, സിവിൽ സർവീസിനെ വരിഞ്ഞുമുറുക്കുന്ന കേന്ദ്ര നീക്കങ്ങളെ ചെറുത്താലേ മെച്ചപ്പെട്ട ജനക്ഷേമ സിവിൽ സർവീസ് നിലനിൽക്കുകയുള്ളൂവെന്ന് സമ്മേളനം പ്രമേയത്തിൽ പറഞ്ഞു.



കെ ഷാനവാസ് ഖാൻ ജയശ്ചന്ദ്രൻ കല്ലിങ്ങൽ കെ പി ഗോപകുമാർ

ശനിയാഴ്ച കേരളം സൃഷ്ടിച്ച മാതൃകകൾ സെമിനാറിൽ മന്ത്രി കെ രാജൻ അധ്യക്ഷനായി. എൻജിഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം വി ശശിധരൻ, അസോസിയേഷൻ പ്രസിഡന്റ് ചവറ ജയകുമാർ, എകെഎസ്ടിയു സംസ്ഥാന പ്രസിഡന്റ് പി കെ മാത്യു എന്നിവർ സംസാരിച്ചു. ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിങ്ങൽ സ്വാഗതവും എൻ കൃഷ്ണകുമാർ നന്ദിയും പറഞ്ഞു.

ജോയിന്റ് കൗൺസിൽ സംസ്ഥാന ചെയർമാനായി കെ ഷാനവാസ്ഖാനെയും ജനറൽ സെക്രട്ടറിയായി ജയശ്ചന്ദ്രൻ കല്ലിങ്ങലിനെയും വീണ്ടും തെരഞ്ഞെടുത്തു. കെ പി ഗോപകുമാറാണ് ട്രഷറർ. മറ്റ് ഭാരവാഹികൾ: എം എസ് സുഗൈദകുമാരി, നരേഷ് കുമാർ കുന്നിയൂർ, വി സി ജയപ്രകാശ് (വൈസ് ചെയർമാൻ), കെ മുകുന്ദൻ, പി എസ് സന്തോഷ്കുമാർ, എസ് സജീവ് (സെക്രട്ടറി), വി വി ഹാപ്പി (വനിതാ കമ്മിറ്റി പ്രസിഡന്റ്).

